(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തൊക്കെ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേരളത്തിലെ സമാന്തരഭാഗത്ത് നടക്കുന്ന വിവിധ പഠനങ്ങളുടെയും പ്രതിപ്രവർത്തനങ്ങളുടെയും വിവരശേഖരണവും ശ്രീനഗങ്ങളുടെ പ്രഭവസ്ഥാനവും തീവ്രതയും കൃത്യതയോടുകൂടി അളക്കുകയും ശ്രേണിപാളികളിൽ ഉണ്ടാകുന്ന മാറ്റങ്ങളെ തിരിച്ചറിയുകയും കേരളത്തിലെ വലിയ അണക്കെട്ടായ ഇടുക്കി അണക്കെട്ടിൽ ശ്രീനഗങ്ങളാൽ ഉണ്ടാകുന്ന പഠനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. തിരുവനന്തപുരത്തെ അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിൽ (എസ്.ഇ.ഒ.സി) നിരന്തരം വിവരം ലഭിക്കത്തക്കവിധമാണ് ഇവ സജ്ജീകരിച്ചിരിക്കുന്നത്. നിലവിൽ ഇടുക്കി അണക്കെട്ട്, ആലടി, വെള്ളാവ്, പോസ്പാറ, മീൻകുട്ടി, വെള്ളകടവ് എന്നി സ്ഥലങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 3.9 കോടി രൂപ ചെലവാക്കിയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വൈദ്യുതബോർഡുമായി ചേർന്ന് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കൂടാതെ കേന്ദ്ര ഭൗമശാസ്ത്രപഠന സ്ഥാപനം സംസ്ഥാനത്ത് പീച്ചി വനഗവേഷണ സ്ഥാപനത്തിനുള്ളിൽ ഒരു ശ്രീനഗമാപിനിയും സ്ഥാപിച്ചിട്ടുണ്ട്. അതിൽനിന്ന് ലഭിക്കുന്ന വിവരങ്ങളും അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ ശേഖരിച്ചു വരുന്നു.

പുനർനിർമ്മാണം ഉപേക്ഷിച്ച ശ്ലൂയിസുപാലങ്ങൾ

199 (1281) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) കാസർഗോഡ് ജില്ലയിൽ പ്രകൃതിദുരന്തനിവാരണ പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ച മാടക്കാൽ ശ്ലൂയിസ് പാലത്തിന്റെയും നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച പടന്നക്കടപ്പുറം ശ്ലൂയിസ് പാലത്തിന്റെയും പുനർ നിർമ്മാണം ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനു ചെലവഴിച്ച തുകയുടെ നഷ്ടം ആര് വഹിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്തവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. തകർന്ന പാലത്തിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്ത് പുനർനിർമ്മാണ പ്രവൃത്തി തുടങ്ങുവാൻ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) മാടക്കാൽ ദ്വീപിലെ വൃക്ഷപാലം തകർന്നതുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നഷ്ടം സംഭവിച്ചതിൽ വ്യക്തത വരുത്തി തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം

200 (1282) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച ആലപ്പുഴ ജില്ലയിലെ റോഡുകൾക്ക് തുക അനുവദിക്കുന്നതിനു വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര നിർമ്മാണ പ്രവൃത്തികൾക്ക് എത്ര രൂപ വീതം കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കാലവർഷത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ഈ സാമ്പത്തിക വർഷം പുതിയ പ്രൊപ്പോസലുകൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ വർഷം ആകെ '2 കോടി' രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) റോഡ് പുനരുദ്ധാരണത്തിന് ആകെ 97 പ്രവൃത്തികളിലായി 4,81,15,528 (നാല് കോടി എൺപത്തിയൊന്ന് ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തിയെട്ട് രൂപാ മാത്രം) രൂപ കുടിശ്ശികയുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഓരോ വർഷവും കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ധനസഹായം ലഭിക്കുന്ന മുറയ്ക്ക്, അതത് വർഷങ്ങളിൽതന്നെ ഭരണാനുമതി നല്കി വരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly